(ഡി) യു.ജി.സി. സ്കെയിലിന്റെ നടത്തിപ്പിൽ തെറ്റുണ്ടെന്നു ഫൈനാൻസ് ഇൻസ്പെക്ഷൻവിംഗ് റിപ്പോർട്ടു ചെയ്യുകയും അതു സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തശേഷം അതു നടപ്പിലാക്കുന്നതിനുപകരം വീണ്ടും അപ്രകാരമൊരു കമ്മിറ്റിയെ നിയോഗിച്ചതിനുള്ള കാരണം വിശദീകരിക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ,

(എ) സർക്കാരിന്റെ ധനകാര്യവകുപ്പിന്റെ കീഴിലുള്ള ഇൻസ്പെക്ടർ വിംഗിന്റെ കീഴിലുള്ള ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയിൽ അനർഹമായി ശമ്പളം അനുവദിച്ചതിനും അധികബാദ്ധ്യതയുണ്ടാക്കിയതിനും വൈസ്ചാൻസലർ, ഭരണസമിതി എന്നിവർ ഉത്തരവാദികളാണെന്നു പറഞ്ഞിട്ടുണ്ട്. ഇവർക്കെതിരെ ഉചിതമായ നടപടികൾ കൈക്കൊള്ളുവാനും ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) സബ്കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി&ഡി) സർവ്വകലാശാലാ ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ടു പരിശോധന നടത്തുന്നതിനായി സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയത്.

പതിനൊന്നാം ധനകാര്യ കമ്മീഷന്റെ അവാർഡ്

9 (*468) ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. സാജു പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനൊന്നാം ധനകാര്യകമ്മീഷന്റെ അവാർഡ് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പത്താം ധനകാര്യ കമ്മീഷൻ അവാർഡ് അനുസരിച്ച് എന്ത് തുകയാണ് സംസ്ഥാനത്തിന് ലഭിച്ചതെന്ന് പറയാമോ ;

(സി) ഇത് ആകെ നികുതിയുടെ എത്ര ശതമാനമായിരുന്നു ;

(ഡി) പതിനൊന്നാം ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാന സർക്കാർ സമർപ്പിച്ച നികുതി നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു ; നികുതി നിർദ്ദേശത്തിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച മാനദണ്ഡങ്ങൾ കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) പത്താം ധനകാര്യ കമ്മീഷന്റെ മാനദണ്ഡങ്ങളിൽ നിന്നുള്ള പ്രതികൂല വ്യതിയാനങ്ങൾ നിമിത്തം 11-ാം ധനകാര്യ കമ്മീഷൻ അവാർഡിലൂടെ 3664 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) 7038.45 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് മൊത്തം വിഭവ വിഭജന നികുതിയുടെ 3.498% ആണ്.

(ഡി) സംസ്ഥാന സർക്കാർ നികുതിയെ സംബന്ധിച്ച് സമർപ്പിച്ച നിർദ്ദേശങ്ങൾ മുഖ്യമായും നികുതി വരുമാനം സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കുന്നത് സംബന്ധിച്ചാണ്. ഇവ താഴെ പറയുന്നതാണ് :

1. കേന്ദ്രത്തിന്റെ എല്ലാവിധ സർചാർജ്ജുകളും അഡീഷണൽ സർചാർജ്ജുകളും വിഹിത വിഭജന വരുമാനമായി കണക്കാക്കേണ്ടതാണ്.

2. കോർപ്പറേഷൻ ഇൻകം ടാക്സിനെ ഇൻകംടാക്സിന്റെ ഭാഗമാക്കി മാറ്റുക. അല്ലെങ്കിൽ കോർപ്പറേഷൻ ഇൻകംടാക്സ് വിഭജന വിഹിതത്തിന്റെ ഭാഗമല്ലാത്തതുകൊണ്ട് സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുക.

3. നികുതി വരുമാനത്തിന്റെ വിഭവവിഭജന ശതമാനം 77.5%-ൽ നിന്ന് 10-ാം ധനകാര്യ കമ്മീഷന് മുമ്പുണ്ടായിരുന്ന 85%ലേക്ക് ഉയർത്തുക.

4. യൂണിയൻ എക്സൈസ് ഡ്യൂട്ടിയുടെ വിഭവ വിഭജന ശതമാനം നിലനിന്നിരുന്ന 40%-ൽ നിന്ന് 47.5% ആയി ഉയർത്തുക.

5. എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കുന്നതിനുപകരം ഉല്പന്നങ്ങളുടെ അഡ്മിനിസ്റ്റേർഡ് പ്രൈസ് വർദ്ധിപ്പിക്കുന്ന കേന്ദ്രത്തിന്റെ നയം പൂർണ്ണമായി ഉപേക്ഷിക്കുക. ഇത് ആവശ്യമെങ്കിൽ എക്സൈസ് ഡ്യൂട്ടിക്ക് തുല്യമായ തുക സംസ്ഥാനങ്ങൾക്ക് നൽകുക.

6. പുകയില, പഞ്ചസാര, തുണിത്തരങ്ങൾ എന്നിവയെ കേന്ദ്രത്തിന്റെ അഡീഷണൽ എക്സൈസ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കുകയും ഇവയ്ക്ക് സെയിൽസ് ടാക്സ് ചുമത്തുവാനുമുള്ള അവകാശം സംസ്ഥാന സർക്കാരിന് നൽകുകയും ചെയ്യുക.

7. 8-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത പലിശയിനത്തിനും പിഴയിനത്തിലുമുള്ള കേന്ദ്രത്തിന്റെ വരുമാനം വിഭവ വിഭജന വരുമാനമായി കണക്കാക്കുക.

8. റെയിൽവേ യാത്രക്കൂലിയുടെ ടാക്സിന് പകരമായി നൽകുന്ന ധന സഹായം നോൺ സബ് അർബൻ യാത്രക്കൂലിക്ക് പകരം നോൺ സബ് അർബൻ റെയിൽവേ വരുമാനവുമായി ബന്ധപ്പെടുത്തുകയും അത് മൊത്തം ഇൻഡ്യറക്ട് ടാക്സ്-മൊത്തം നികുതി അനുപാതം പ്രകടമാക്കുന്ന രീതിയിൽ ശതമാന നിരക്ക് ഉയർത്തുക. നികുതി നിർദ്ദേശത്തിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച മാനദണ്ഡങ്ങൾ ഭാഗികമായി കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly